1. (1) This Regulation may be called the Cochin Debt Conciliation Regulation, of 111.

Short title, extent and commencement.

(2) It extends to the whole of Cochin.

(3) It shall come into force on such date as the Government may, by notification, appoint.

Clause was put and carried.

Deputy President.—The question is that the title and preamble stand part of the Bill.

The Cochin Debt Conciliation Bill.

Whereas it is expedient to relieve agriculturists from indebtedness by amicable settlement between them and their creditors; It is hereby enacted as follows :—

Preamble.

Title and preamble were put and carried.

Mr. P. Kumaran Ezhuthassan *(Vadakkancheri).*—I move that the Bill be taken up and finally passed tomorrow.

Mr. K. Ayyappan *(Ezhuvas, South).*—I second it.

Motion was put and carried.

RESOLUTIONS.

15. Exemption from age-bar of Aided School Teachers for appointment in Government Service.

Mr. K. Kuhirama Menon *(Cheruviruthi).*—"*This Council recommends to Government that teachers in the Aided Schools may be exempted from age-bar for work in Government Institutions.*"

സർ, ഗ്രാൻറ സ്കൂളുകൾ ഗവമ്മെൻറിൽനിന്നും ഏറ്റെടുക്കുന്ന സന്ദർഭങ്ങളിലും, മറ്റു വിധത്തിൽ ഗ്രാൻറ സ്കൂൾ അദ്ധ്യാപകന്മാർക്ക സർക്കാർ സർവ്വീസിൽ പ്രവേശനം കിട്ടുന്നതിനു സംഗതിവരുന്ന സന്ദർഭങ്ങളിലും വയസ്സിനെക്കുറിച്ചുള്ള കളകൾമൂലം ചില കുഴപ്പങ്ങൾ സംഭവിക്കുന്നുണ്ട്. അല്പം ശ്രദ്ധിച്ചാൽ എളുപ്പത്തിൽ പരിഹരിക്കാവുന്നതാകയാൽ ഈ കാര്യത്തിൽ ഗവമ്മെൻറിൻെറ ശ്രദ്ധയെ ആകർഷിക്കേണ്ടതാണെന്നാണ് എൻെറ ഈ പ്രമേയത്തിൻെറ ഉദ്ദേശം. ഗ്രാൻറ്-ഇൻ-എയിഡ് സ്കൂളുകളിലെ അദ്ധ്യാപകന്മാർ നമ്മുടെ രാജ്യത്തിനുവേണ്ടി വളരെ പ്രാധാന്യമേറിയ പ്രവൃത്തിചെയ്യുന്ന പൊതുജനസേവകന്മാരാണ്. പബ്ലിക്ക സർവ്വൻറ്സ് എന്ന മഹനീയമായ നാമധേയത്താൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസമെമ്പർ അവർകൾ അവരെ മറെറാരവസര

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ബഹുമാനിച്ചിട്ടുള്ളതായി ഞാൻ ഈ അവസരത്തിൽ ഓർക്കുന്നുണ്ട്.

സൂക്ഷ്മം ആലോചിച്ചുനോക്കുന്നതായാൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസമെമ്പർ അവർകൾ ഈ അദ്ധ്യാപകന്മാർക്കു കൊടുത്ത നാമധേയം അവർ സർവ്വപ്രകാരേണയും അർഹിക്കുന്നതെന്നാണ്. ഈ ഉദ്യോഗസ്ഥന്മാർക്ക് ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുള്ള യോഗ്യതയെല്ലാം ഗവൺമെൻറിൽനിന്നുതന്നെയാണ് നിർണ്ണയിക്കുന്നത്.

അവരുടെ നടപടിക്രമങ്ങളും രൂപകളും ഗവൺമെൻറിൽനിന്നുതന്നെയാണ് തീർച്ചപ്പെടുത്തുന്നത്. ഈ അദ്ധ്യാപകന്മാരെ നിയമിക്കുന്നതും അവരെ ഉദ്യോഗത്തിൽനിന്നു പിരിക്കുന്നതും കുറങ്ങൾ വരുമ്പോൾ ശിക്ഷിക്കുന്നതും എല്ലാം ഗവൺമെൻറിൻെറ അനുവാദത്തോടുകൂടിയാണ് നടന്നുവരുന്നത്. സ്കൂൾ മാനേജർമാർക്ക് ഇവരെ നിയമിക്കുവാനോ ശിക്ഷിക്കുവാനോ പിരിക്കുവാനോ ഗവൺമെൻറനുവാദമില്ലാതെ തരമില്ല. അവരുടെ ശമ്പളത്തിൽ ഉറപ്പികക്ക് ഫർ അണകണ്ട് ഗവൺമെൻറിൽനിന്നാണ് കൊടുത്തുവരുന്നത്. സർവ്വോപരി സർക്കാർ സ്കൂൾ മാസ്റ്റർമാർ ചെയ്യുന്ന രാജ്യസേവനംതന്നെയാണ് ഗ്രാൻറു സ്കൂൾ മാസ്റ്റർമാരും — അതേരീതിയിലും, യോഗ്യതയിലും, ചുരുങ്ങിയ ചിലവിന്മേലും — ചെയ്തുവരുന്നത്.

ഇങ്ങനെയെല്ലാമുള്ള ഗ്രാൻറു സ്കൂൾ അദ്ധ്യാപകന്മാർക്ക് എപ്പോഴെങ്കിലും എന്തെങ്കിലും കാരണവശാൽ സർക്കാർ സർവ്വീസിൽ പ്രവേശിക്കേണ്ടതായിവരുന്നപക്ഷം അവർക്ക് വയസ്സ് അധികമായി എന്നകാരണത്തിന്മേൽ അവരുടെ ഉദ്യോഗലബ്ധിക്കു തടസ്ഥം വരാതിരിക്കത്തക്കവണ്ണം ഒരു കല്പനയുണ്ടാകണമെന്ന സംഗതിയാണ് എനിക്കു ബഹുമാനപ്പെട്ട ഗവൺമെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരാനുള്ളത്. ഗ്രാൻറു സ്കൂളുകളിൽ അവർ പ്രവേശിക്കുന്നതിയ്യതിയുംവച്ച് മാത്രമാണ് കാര്യമായി ഇതിൽ കണക്കാക്കേണ്ടത്. ഈ പ്രമേയത്തിൻെറ തത്വം ഗവൺമെൻറിൽനിന്നും വലുതായ ആലോചന നടത്താതെതന്നെ സ്വീകരിക്കുമെന്ന ദൃഢവിശ്വാസത്താൽ ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നു.

Mr. V. K. Kutty *(Muslims).*—I second it.

* **Rao Sahib I. N. Menon** *(Director of Public Instruction).*—Mr. President, Sir, Government are constrained to oppose this resolution. I am not constrained to deny the statement made by the Hon'ble Member that aided school teachers as a body are rendering very great service to the country. In fact, if that is the conviction with which he is speaking, I ask why should we create any temptation for these honourable men to leave their

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

present profession. That is just one reason why no temptation should be placed in the way of public servants of one section to seek entry into public service of another. There is another more serious reason. The Hon'ble Member wants that reference should be made to the date of appointment to private service as the date on which the supposed aspirant public servant seeks employment. Recruitment to aided schools is now not governed by the Staff Selection Board. They might be appointed for considerations not known, nor accepted by the Staff Selection Board and to allow people who have got in in that fashion to pass into public service, I submit, will not be right in principle. In the second place, at present, as a matter of fact, the usual way in which aided school teachers find entry into Government service is not by individual applications but by the assumption by Government of the management of private schools and when private schools are thus taken charge of the teachers employed on the staff of such schools are, as a matter of fact, exempted from age bar. Cases of individual members of aided schools seeking entry into Government service are few and far between and I do not think that there is any justification for altering the rules as they stand in order to suit a few very stray cases. As matters stand, therefore Government stick to the original position that they will in all deserving cases, as governed by the Staff Selection Board rules, give exemption to people who seek entry into the public service from the staff of the aided schools and in case of teachers who are already on the staff of aided schools taken over by the Government they are automatically exempted from age bar. These are the two categories under which such applicants fall. I therefore think that there is no justification for altering the rules as they stand at present.

മിസ്റ്റർ പി. സി. വക്കി *(Ernakulam, North)*.— സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ ഡയറക്ടർ പറഞ്ഞതുപോലെ എയിഡഡ് സർവ്വീസിലെ അദ്ധ്യാപകന്മാർ സംസ്ഥാനത്തിലേക്ക് വിലയേറിയ സേവനം ചെയ്യുന്ന കൂട്ടരാണ്. അവരിൽ പലരും പരീക്ഷായോഗ്യതകളുണ്ടായിരുന്നിട്ടും സർക്കാർ സർവ്വീസിൽ പ്രവേശനം കിട്ടുവാൻ നിവൃത്തിയില്ലാഞ്ഞതുകൊണ്ടാണ് എയിഡഡ് സർവ്വീസിൽ ചെന്നുചേർന്നത്. അതു് അവരുടെ പേരിൽ ചുമത്താവുന്ന ഒരു മഹാപാതകമല്ല. ആ കാരണത്താൽ ആ ഒരു വർഗ്ഗത്തെ ആകപ്പാടെ ഗവൺമെൻറ് സർവ്വീസിൽനിന്ന് അകറ്റിനിറുത്തണമെന്നു പറയുന്നതു് മഹാ കഠിനമാണ്. സർക്കാർ സർവ്വീസിൽ പ്രവേശിക്കാമെന്നുള്ള പ്രലോഭനങ്ങൾ കൊടുത്തു് അവരെ ഒരു ഡിപ്പാർട്ടുമെൻറിൽനിന്ന് മറെറാരു ഡിപ്പാർട്ടുമെൻറിലേക്കു ക്ഷണിക്കുന്നതു് ഉണകരമല്ലെന്നു

LIBRARY ARCHIVES Kerala Legislative Assembly

ഡയറക്ടരവർകൾ ഇവിടെ പറയുകയുണ്ടായി. ഡിപ്പാർട്ടമെൻറ മാറുകയെന്നുള്ളതു് ഗവമ്മെൻറു സവ്വീസിൽ സാധാരണ നടക്കുന്ന ഒരു കാര്യമാണു്. റവന്യൂ ഡിപ്പാർട്ടമെൻറിൽനിന്നു് ജൂഡീഷ്യൽ ഡിപ്പാർട്ടമെൻറിലേക്കും, ജൂഡീഷ്യൽ ഡിപ്പാർട്ടമെൻറിൽനിന്നു റവന്യൂ ഡിപ്പാർട്ടമെൻറിലേക്കും, ജൂഡീഷ്യൽ ഡിപ്പാർട്ടമെൻറിൽനിന്നു് എക്സൈസു ഡിപ്പാർട്ടമെൻറിലേക്കും, മറിച്ചും തിരിച്ചും ആവശ്യാനുസരണം ഓരോ ഉദ്യോഗസ്ഥന്മാരെ മാററി മാററി നിയമിച്ചുകൊണ്ടിരിക്കുന്ന ഗവമ്മെൻറു്, എയിഡഡു് സവ്വീസിലുള്ള അദ്ധ്യാപകന്മാക്കുമാത്രം ഇങ്ങനെയുള്ള പ്രലോഭനങ്ങൾ നൽകരുതെന്നു പറയുന്നതു ന്യായമാണോ? യാതൊരു ഉൽക്കഷേച്ഛയുടെയും ഇടംകൊടുക്കാതെ അവരെ ഇങ്ങനെ പരിത്യജിക്കപ്പെട്ട ഒരു ക്ലാസ്സായി തള്ളുന്നതു് നല്ലതല്ല.

ഇതിനുംപുറമെ സ്റ്റാഫു സെലക്ഷൻ ബോർഡ് ഇവിടെ അപേക്ഷകരംക്രൂടി സ്വീകരിക്കുന്നപക്ഷം സാമുദായികമായിട്ടുള്ള വല്ല ബുദ്ധിമുട്ടുകളും വരുമോ എന്നുള്ളതിനെക്കുറിച്ചാലോചിച്ചാൽ ബോർഡിന്റെ ഇപ്പോഴത്തെ നിയമച്ചട്ടപ്രകാരം യാതൊരു ആവലാധിക്കും കാരണമില്ല. അതുകയാൽ എല്ലാ സമുദായക്കാക്കും ഒരു വലിയ സംഘം അഭ്യസ്തവിദ്യന്മാക്കു ഗുണകരമായ ഈ നിർദ്ദേശത്തെ—ഈ പ്രമേയത്തെ—ഗവമ്മെൻറു് എതിക്കുന്നതിന്റെ ഉദ്ദേശമെന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. എയിഡഡു് സ്കൂൾ അദ്ധ്യാപകന്മാർ ഗവമ്മെൻറ സവ്വീസിൽ പ്രവേശിക്കാതിരിക്കുവാനുള്ള കാരണം പരീക്ഷ പാസായകാലത്തു് അവരെ പ്രോത്സാഹിപ്പിക്കുവാൻ ഉയന്നസ്ഥാനങ്ങളിൽ ആളുകളില്ലാഞ്ഞതുകൊണ്ടാണു്. അവക്കു ജീവിതത്തിനു വേറെ ഉപജീവനമാർഗ്ഗമില്ലാഞ്ഞ കാരണത്താലാണു് അവർ എയിഡഡു് സ്കൂളുകളിൽ ചെന്നുചേന്നതു്. അങ്ങനെയുള്ളവരെ ഗവമ്മെൻറു് ഒഴിച്ചുനിറുത്തുന്നതു തീരെ അന്യായമാണു്. അതുകൊണ്ടു് പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതുപോലെയുള്ള ഒരു ആനുകൂല്യം എയിഡഡു് സ്കൂൾ അദ്ധ്യാപകന്മാക്കു ഗവമ്മെൻറിൽനിന്നും ചെയ്തുകൊടുക്കണമെന്നാണു് എന്റെ അഭിപ്രായം. ഇതു് ചുരുക്കം ചിലരെ മാത്രമേ ബാധിക്കയുള്ളുവെന്നു പറഞ്ഞതിലും വളരെ വാസ്തവമുണ്ടെന്നു് തോന്നുന്നില്ല. എയിഡഡു് സവ്വീസിലുള്ള രണ്ടു മൂവായിരത്തോളം അദ്ധ്യാപകന്മാരുടെ ക്ലാസ്സത്തിൽ ഉദ്യോഗത്തിൽ പ്രവേശിക്കുവാൻതക്ക പ്രാപ്തിയും യോഗ്യതയും പ്രായക്കുറവുമുള്ള അനേകമാളുകളുണ്ടു്. അങ്ങനെയുള്ളവരെ അവസരംകിട്ടുമ്പോൾ ഗവമ്മെൻറു സവ്വീസിലേക്കു് എടുക്കുന്നതു് അവക്കും ഗവമ്മേണ്ടിനും നല്ലതാണു്. അവർ എന്തുകൊണ്ടാണു് എയിഡഡു് സവ്വീസുവിട്ടു് ഗവമ്മെൻറു സവ്വീസിലേക്കു വരുന്നതെന്നു ചോദിച്ചാൽ ഗവമ്മെൻറു സവ്വീസു് എല്ലാപ്രകാരത്തിലും എയിഡഡു് സവ്വീസിനേക്കാൾ ആകഷ്ണീയമായതുകൊണ്ടാണെന്നാകുന്നു എന്റെ മറുപടി. ഗവമ്മെൻറു സവ്വീസിൽ പെൻഷനുണ്ടു്. വേറെ പല ഗുണങ്ങളും അതിൽ ഉണ്ടു്. അങ്ങനെയിരിക്കെ അവരെമാത്രം തീരെ ശപിക്കപ്പെട്ട ഒരു വർഗ്ഗമായി പരിത്യ

LIBRARY ARCHIVES Kerala Legislative Assembly

ജിക്കുന്നതു് ഗവമ്മെൻറിന്റെ നിലക്കു് ശരിയായിട്ടുള്ളതല്ല. അതിനാൽ ഞാൻ ഈ പ്രമേയത്തെ ബലമായി പിൻതാങ്ങുന്നു.

മിസ്റ്റർ കെ. എസ്സ് പണിക്കർ *(Ezhuvas, North)*.— ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഇതിനെ ഒരുവിധത്തിലും ഗവമ്മെൻറിനു് എതിർക്കുവാൻ ന്യായം കാണുന്നില്ല. റൊട്ടേഷൻ സമ്പ്രദായമനുസരിച്ചു് ഓരോ സമുദായത്തിന്റേയും അവകാശം വരുമ്പോൾ ഏജുബാർ ആവാത്തവരുണ്ടെങ്കിൽ അവർക്കു കൊടുക്കുകയും, അവരില്ലെങ്കിൽ ഏജുബാർ ആയവരാണെങ്കിൽ അവർക്കു് എക്സംപ്ഷൻ കൊടുത്തു് നിയമിക്കുകയും ആരും ഇല്ലെങ്കിൽ മാത്രമേ മറെറാരു സമുദായത്തിൽപെട്ടവരെ നിയമിക്കുകയുള്ളുവെന്നും ഈ നിയമസഭയിൽതന്നെ പലപ്പോഴും ഇതിനുമുമ്പു് ഗവമ്മെൻറു പ്രസ്ഥാവിച്ചിട്ടുണ്ടു്. ഈ സ്ഥിതിയിൽ എയിഡഡ് സ്കൂൾ ടീച്ചേഴ്സ് എന്നുള്ള ഹിമാലയപർവ്വതത്തിൽനിന്നുവരുന്ന ഒരാൾ അപേക്ഷ അയച്ചാൽതന്നെ ആ സമുദായത്തിൽ ആളില്ലാതെവന്നാൽ അവർക്കു് എക്സംപ്ഷൻ കൊടുക്കണമെന്നുള്ളാതെ ആളുള്ളപ്പോൾ അവർക്കു് എക്സംപ്ഷൻ കൊടുക്കുന്നതല്ലെന്നു പ്രകൃതമാണല്ലോ. ഗവമ്മെൻറിൽനിന്നും ഉദ്യോഗം കൊടുക്കുവാൻ സാധിക്കാതേയോ, അഥവാ കൊടുക്കാതേയോ മറെറാ എയിഡഡ് സ്കൂളിൽപോയി എന്നുവച്ചു് അവരെ ഗവമ്മെൻറു സവ്വീസിൽ നിയമിക്കുകയില്ലെന്നു പറയുകയാണെങ്കിൽ അതു ന്യായമല്ല. ഉദാഹരണമായി ഏതെങ്കിലും ഒരു സമുദായമെടുക്കാം. ക്രസ്ത്യാനി സമുദായത്തിൽനിന്നും ഏജുബാറായവരുടെ അപേക്ഷകരും മാത്രമേ ഉള്ളു എന്നുവച്ചു് അവർ എയിഡഡ് സ്കൂൾ ടീച്ചർമാരാണെങ്കിൽ എക്സംപ് റുചെയ്തു് അവർക്കു് ഉദ്യോഗം കൊടുത്താൽ എന്താണു വിരോധം? ഗവമ്മെണ്ടു മുൻപറഞ്ഞിട്ടുള്ളതനുസരിച്ചു് അവരെ നിയമിക്കാൻ അവകാശവും ന്യായവും ഉള്ളതുമാണല്ലോ. അവർ എയിഡഡ് സ്കൂളിൽപോയതു് തെറാണെന്നു വിചാരിച്ചു ഉദ്യോഗം കൊടുക്കുകയില്ലെന്നു വിചാരിക്കുവാൻ ന്യായമില്ല. ഒരു റസലൂഷൻ അനുദ്യോഗസ്ഥ പക്ഷത്തുനിന്നും കൊണ്ടുവന്നതു് ഗവമ്മെൻറു് എതിരുക്രടാതെ അംഗീകരിച്ചുവെന്നു പുറം പൂച്ചുകാണിക്കാൻ വേണ്ടിയെങ്കിലും ഇതിനെ യാതൊരു എതിർപ്പും ക്രടാതെ ഗവമ്മെൻറു് സ്വീകരിക്കണമെന്നുള്ള അപേക്ഷയോടുക്രടി ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— സർ, ഞാനും ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഉറപ്പികക്ക ഫർ അണയുംകൊടുത്തു ഗവമ്മെൻറു സഹായിക്കുന്ന ഒരു സ്ഥാപനമാണു് എയിസഡ് സ്കൂൾസ്. അതു മറെറാരു കണക്കുപ്രകാരം ക്രട്ടുകയാണെങ്കിൽ ഒരു ഉറപ്പികക്കു് ഒരു ഉറപ്പികതന്നെ ഗവമ്മെൻറു കൊടുക്കുന്നുണ്ടെന്നു നമുക്കു കാണാവുന്നതാണു്. ഗവമ്മെൻറിൽനിന്നും ഗ്രാൻറുകൊടുക്കുന്ന സംഖ്യമാത്രമേ അവക്കു കിട്ടുന്നുള്ളുവെന്നു ഗവമ്മൻറും സമ്മതിക്കുന്നു. ഇപ്രകാരം ഉറപ്പികക്കു് ഉറപ്പികതന്നെ കൊടുത്തു ഗവമ്മെൻറു വളത്തിവരുന്ന ഒരു വലിയ ജനവിഭാഗത്തെ എടുകൊണ്ടാണു് ഈ സവ്വീസിൽ ചേക്കുവാൻ പാടി

LIBRARY ARCHIVES Kerala Legislative Assembly

ല്ലാത്തതെന്ന് എത്രതന്നെ ആലോചിച്ചിട്ടും ഞങ്ങൾക്ക മനസ്സിലാക്കുന്നില്ല. സ്റ്റാഫ് സെലക്ഷൻ ബോർഡ് ഈ ഉദ്യോഗസ്ഥന്മാരെ നിയമിക്കാത്തതുകൊണ്ടു മാത്രമാണെങ്കിൽ ആ തടസ്സം ഒരു പ്രതിബന്ധമായി കരുതാവുന്നതല്ല. ഏതു വിധത്തിലായാലും അവരെ സർവ്വീസിലെടുക്കണമെന്നാണ് എനിയ്ക്ക പറയുവാനുള്ളത്. മനുഷ്യരെല്ലാം അവരുടെ ജീവിതത്തിൽ ഉന്നതിയുണ്ടാകണമെന്നുള്ള വിചാരമുള്ളവരാണ്. ഗവർമ്മെണ്ടു ജീവനക്കാരെന്നു തികച്ചും പറയാവുന്ന ഒരു വമ്പിച്ച ജനസമൂഹത്തിന്റെ പ്രോത്സാഹനംമാത്രം തടഞ്ഞുനിറുത്തി ന്യായമായ അവരുടെ അവകാശങ്ങളെ അവഗണിക്കുന്നതു് വളരെ സങ്കടകരമായ ഒരു സംഗതിയാണ്. എയിഡഡ് സ്കൂളുകളിൽ ജോലിക്കു പോകുന്നതുതന്നെ പോലീസിൽ ചേരുന്നതിനെപ്പറ്റി സാധാരണ പറയാറുള്ള ഒരു പഴമൊഴിപോലെയുള്ളതാണെന്നു പറയാവുന്നതാണ്. അത്രത്തോളം കഷ്ടപ്പെട്ടാണ് അവർ ജീവിക്കുന്നതു്. അദ്ധ്യമായി ഗ്രാന്റു സ്കൂളുകളിൽ ചേർന്നു പോയെന്നുള്ള കാരണത്താൽ അവരുടെ അവകാശം ഗവർമ്മെൻറ് അവഗണിക്കുന്നതു ശരിയല്ല. അവരെ സഹായിക്കുവാൻവേണ്ടി ഏതെല്ലാം നിയമങ്ങളും ആവശ്യമുണ്ടോ അവയെല്ലാം ഉണ്ടാക്കി അവരെ സഹായിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

Mr. P. Kumaran Ezhuthassan *(Vadakkancheri)*.—It is very gratifying to note that the work of the adided school teacher is recognised and appreciated by the Government. I believe the practice of the Government to exempt persons from age bar in appropriate cases still continues. That being so, there is greater force for giving such exemptions in the case of persons who are already in service although not of a completely Governmental type but of a semi-Governmental type. In this view I do not think that Government can put forth any reason to oppose this resolution and refuse to accept the proposition as brought forward. I believe that the Government will be prepared to reconsider their position and accept the resolution.

Mr. P. Govinda Menon *(Adur)*.—Is there any paucity of applications before the Staff Selection Board?

* **Rao Sahib I. N. Menon** *(Director of Public Instruction)*.—As a matter of fact, there is a great deal of clubbing of issues. Government do not say that they will not grant exemption to applicants from aided schools. They find it difficult to make it a rule that any person making an application from the aided service should be exempted. Secondly there is difference in the way in which Sirkar school teachers are recruited and private

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

school teachers are recruited. Some of the Hon'ble Members say that these unfortunate persons have just entered private service not finding a patron in Government service. I would put it in the other way. They soon get patrons in private schools. As a matter of fact Government have to make it a rule that managers should not employ their own relations in their schools. What is demanded by this resolution is not the continuance of that concession but the wholesale alteration of the rule to the effect that a person who has served in a private school should as a matter of course be exempted from the age bar. That I think is very comprehensive and not actually warranted by the needs of the situation. Take the number of aided school teachers who have come into Sirkar schools. 99 per cent have come in because we have assumed the management of those schools and the moment they have been taken over they have been exempted. Some reference was made to the 3000 teachers. What are the vacancies that exist in Government service? On an average between three and five are the permanent vacancies that take place in my Department. If these 3000 teachers are to be provided they will have to wait till eternity.

Mr. C. R. Iyyunni *(Trichur, South).*—On a point of information. May I know when a private institution is taken over by the Government without any application from the teachers working in that institution are they exempted from this age bar restriction?

Rao Sahib I. N. Menon *(Director of Public Instruction).*—Oh, yes. They are exempted.

Mr. C. R. Iyyunni *(Trichur, South).*—What is the principle in automatic exemption being granted?

Rao Sahib I. N. Menon *(Director of Public Instruction).*—What is the principle on which a private institution is taken over by Government? It is based upon two points. In the first place, Government should be convinced that the continuance of a certain school in a certain locality is absolutely essential to meet the educational needs of that locality and in the second place, there must be the conviction that the existing authorities are not in a financial or other position able to continue to manage the school. It is in public interest to take such schools and when once we take such schools into management it will be meaningless to ask the teachers to quit.

മിസ്റ്റർ കെ. കുഞ്ഞുരാമമേനോൻ *(Cheruviruthy).*— ഈ പ്രമേയം അവതരിപ്പിച്ച സമയത്തിങ്കൽ അനദ്ധ്യാഗസ്ഥ പക്ഷത്തുനിന്നു കാ

LIBRARY ARCHIVES Kerala Legislative Assembly

ുമായ സഹായം കിട്ടിട്ടുണ്ടെങ്കിലും ഇതിനതുകൂലമായി വിദ്യാഭ്യാസ മേലദ്ധ്യക്ഷന്റെ അനുകമ്പയുണ്ടാകുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

Resolution was, by leave, withdrawn.

16. Reporting Judgments of the Chief Court.

Mr. A. V. Moothedan *(Chalakkudi).*—"*This Council recommends to the Government that the Chief Court may be requested to arrange that in reporting considered judgments of that Court, the main arguments are also reported, so that the points contested and decided may be made clear.*"

Sir, the idea of this resolution is not mine but taken from eminent legal authorities like, Pollock and Mulla. Pollock says that the law reporting done in India is shabby and he says that in contested cases a summary of the arguments should also be given so that the public may understand what had been the contentions and what had been the decision. This may be a healthy check on the Bench and on the vakils. Sometimes the Judges might pass over arguments which in fact may be important. Vakils will hereafter not waste court's time by irrelevant arguments, seeing that their irrelevant arguments will be reported. Therefore I think it is highly necessary that the Government should accept this resolution, because it will be in the best interests of judicial administration. In this connection, I want to make a suggestion. Now the Law Reporter is appointed as a part time officer. It is very hard to get a man of some standing to work throughout the day for Rs. 75.

Mr. Thomas Manjuran *(Government Advocate and Law Officer).*—Is that relevant?

Mr. A. V. Moothedan *(Chalakkudi).*—I am simply making a suggestion. I suggest some assistant may be appointed to the Law Reporter.

Mr. Thomas Manjuran *(Government Advocate and Law Officer).*—All that is irrelevant, Sir.

Mr. A. V. Moothedan *(Chalakkudi).*—Any how I move that the resolution may be considered by the House favourably.

Mr. P. Govinda Menon *(Adur).*—I second it.

Mr. A. Narayana Menon *(Vyttila).*—I oppose it and that for proper reasons, I accept all the arguments advanced by the

LIBRARY ARCHIVES Kerala Legislative Assembly